# മനസ്സ്

മലയാള നന്മയുടെ സ്നേഹശബ്ദം

ഓണപ്പതിപ്പ് 2012



**കുടശ്ശനാട് ഓവർസീസ് സൗഹൃദ സംഘം (KOSS)**
**കുവൈറ്റ് ചാപ്റ്റർ**

## ADMINISTRATIVE BOARD MEMBERS KOSS KUWAIT CHAPTER


**പേട്രൺസ്**
ചന്ദ്രശേഖരകുറുപ്പ് ചെറുകുളത്തൂർ
ചാക്കോ ജോർജ്ജ്കുട്ടി, കോട്ടൂർ

**പ്രസിഡന്റ്**
ജോസഫ് മാത്യു, ഒട്ടലിൽ

**വൈസ് പ്രസിഡന്റ്**
ബാബുകുട്ടി കെ മാത്യൂപോക്കാട്ടു വടക്കേതിൽ

**ജന. സെക്രട്ടറി**
മാത്യൂ വർഗ്ഗീസ്, കലതിവിളമേലേതിൽ

**ജോ. സെക്രട്ടറി**
സോജി വർഗ്ഗീസ്, പി.കെ.വി വില്ല

**ട്രഷറാർ**
ബിനോയ് തങ്കച്ചൻ, ബിനോയ് ഭവനം

**കലാവിഭാഗം കൺവീനർ**
ജോൺ മാത്യൂ വടക്കേവീട്ടിൽ

**കമ്മിറ്റി അംഗങ്ങൾ**
എബി പാപ്പച്ചൻ, പൈനും മൂട്ടിൽ
ജിജി ജോർജ്ജ്, പനക്കൽ
ജിനു റ്റി ജോൺ, തച്ചനംകോട്ട് തെക്കേകര
രാജു തോമസ്, ജെ. ജെ വില്ല
ജോമോൻ റ്റി ജോൺ,തച്ചനംകോട്ട്തെക്കേകര
ജിനു മോൻസി, പനക്കൽ
ഷീജാ സമുവൽ, കലതിവിളമേലേതിൽ
അനിത ജെറി,പുത്തൻ വിളയിൽ
ലൂസി ജെയിംസ്, അരിമംഗലത്ത് വടക്കേകര
മെർലിൻ മാത്യൂ കലതിവിളമേലേതിൽ

**മാനേജിംഗ് എഡിറ്റർ**
ദീപ്ജോൺ, കൊല്ലംപറമ്പിൽ

**സബ് എഡിറ്റർ**
ജിബു ജേക്കബ്, കോട്ടൂർ


# ഇതളുകളിൽ...


എഡിറ്റോറിയൽ - 3

ഓണം ഒരുമയുടെ ഉത്സവം (സന്ദേശം) -4

സാമുദായിക സമന്വയത്തിന്റെ സമത്വോത്സവം (സന്ദേശം) -5

സ്വയം ത്യജീകരണത്തിന്റെ മുഖപ്പട്ട (ലേഖനം) -6

ഓണം ഒരു സാർവ്വദേശീയോത്സവം (സന്ദേശം) - 7

പ്രതിബദ്ധതയുടെ പ്രവാചക നൊപ്പം ഒരു നിമിഷം (അഭിമുഖം) - 8

കാവ്യ നൊമ്പരം (കവിത) - 10

കോസ് കുവൈറ്റ് ചാപ്റ്ററിന്റെ ആശംസകൾ - 11

Ten Myths about career planning (Educative) - 13

ട്രാഫിക് ജാം (കഥ) -16

Mind power and success (Psycho) - 18

സ്നേഹപൂർവ്വം സെക്രട്ടറി (കുറിപ്പ്) - 20


## മലയാള നന്മയുടെ സ്നേഹശബ്ദം

ലക്കം 3

സർവ്വ മതങ്ങളെയും സമഭാവനയോടെ വീക്ഷിക്കുന്ന നല്ല നാളയെ ലക്ഷ്യമാക്കി, പരസ്പര സ്നേഹത്തിന്റെ ചിന്തകളെയും മനസ്സുകളെയും എല്ലാ തുറകളിലേക്കും എത്തിക്കുന്നതിനായി കോസ്സ് കുവൈറ്റിന്റെ മുഖപത്രമായ പ്രവാസിയുടെ 'മനസ്സ്' ഇതാ നിങ്ങളുടെ കൈകളിലേക്ക്.



# എഡിറ്റോറിയൽ

സന്തോഷത്തിന്റെയും, ആഹ്ലാദത്തിന്റെയും തേരിലേറി ഒരു ഓണം കൂടി വീണ്ടും എത്തിചേർന്നിരിക്കുന്നു. മലയാള മനസ്സുകൾ വിരാജിക്കുന്ന ഗ്രാമങ്ങളും, നഗരങ്ങളും, പട്ടണങ്ങളും, രാജ്യങ്ങളും ഇന്ന് ആനന്ദ നിർവൃതിയിൽ വിഹരിക്കുന്നു. കാലങ്ങൾക്ക് മുമ്പ് നാം ദേശീയ ഉത്സവമായി ആഘോഷിച്ച ഓണം ഇന്ന് നമ്മുടെ സംസ്ക്കാരത്തിന്റെ തന്നെ ഭാഗമായി മാറികഴിഞ്ഞിരിക്കുന്നു. ഈ സംസ്ക്കരം ഇന്ന് ലോകമെങ്ങും ഐശ്വര്യപൂർണ്ണമായി നിലകൊള്ളുന്നു. ഇത് മലയാളികൾക്ക് മാത്രം അഭിമാനിക്കാൻ വക നൽകുന്ന ഒരു വസ്തുതയാണ്.

ഓണത്തിന്റെ ചിരകാല സ്മരണകളിലേക്ക് ചേക്കേറുമ്പോൾ സന്തോഷത്തോടൊപ്പം മനസ്സിന് അല്പം നാഷ്ടപ്പെടലിന്റെ നോവും അനുഭവഭേദ്യമാകുന്നു. ചിങ്ങമാസത്തിലാണല്ലോ നാം ഓണം ആഘോഷിക്കുന്നത്. ഈ നാളുകളെ വിളിച്ചോതികൊണ്ട് ആദ്യം ഓടിയെത്തുന്ന ഒരാളുണ്ട്, നമ്മുടെയൊക്കെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്ന 'ഓണതുമ്പി'. ആഗോളീകരണത്തിന്റെ ഫലമായി ശിഥിലമായിപോയ നമ്മുടെ കൊയ്ത്തു സംസ്ക്കരവും ഇന്ന് ഓർമ്മയിൽ മാത്രം. സത്യത്തിൽ ഗതകാലങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ആഘോഷങ്ങളും, കഥകളും നാം ഇന്ന് അയവിറക്കുകയാണ് ചെയ്യുന്നത്. എല്ലാം കുറെ നിമിഷത്തേക്ക് മാത്രം. പഴംഞ്ചൊല്ലനുസരിച്ച് കാണം വിറ്റ് ഓണമുണ്ടവർ വിറ്റത് വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ്.


നാം നിരീക്ഷിക്കുകയാണെങ്കിൽ നമ്മുടെ നാടിന്റെ വിവിധതലങ്ങളിലുള്ള സംസ്ക്കാരം തന്നെ നന്നേ മാറിയിരിക്കുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. പ്രധാനമായും മനുഷ്യബന്ധങ്ങൾക്ക് നാം കൽപ്പിക്കുന്ന മൂല്യം എത്രമാത്രമാണന്ന് ചിന്തിക്കുക. സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി കുറുക്കന്റെ മനസ്സും പ്രാവിന്റെ പുറം തുവലും അണിഞ്ഞിട്ടുള്ളവർ. ഇവിടെ ബന്ധങ്ങളുടെ വില വിസ്മരിക്കപ്പെടുന്നു, അവക്ക് പുതിയ മാനങ്ങൾ നിർവ്വചിക്കപ്പെടുന്നു. ഏറിയ പങ്കും മാനസ്സികമായ വളർച്ചമുരടിച്ച മനുഷ്യമനസ്സുകൾ മാത്രം. നമ്മുടെ കണ്മുന്നിൽ കാണുന്ന വൈകൃതമായ തെരുവ് നാടകങ്ങൾ മതിയാകും ഇതെല്ലാം മനസിലാക്കുവാൻ. ഇവിടെ മനുഷ്യനെന്ന പദത്തിന് എന്തർത്ഥമാണുള്ളത്. നാടിന്റെ പുരോഗതിക്കുവേണ്ടി പൊതുമുതലുകൾ നശ്ശിപ്പിച്ചുകൊണ്ടുള്ള നമ്മുടെ രാഷ്ട്രീയ സാംസ്ക്കരത്തെ ജനങ്ങൾ വെറുത്തുകഴിഞ്ഞു. കാർഷികസംസ്ക്കാരത്തിന്റെ ഭാഗമായിരുന്ന ഓണക്കാഴ്ച്ചയും ഇന്നു പ്രസക്തമല്ല. ഒരു കാലത്ത് എല്ലാ ഭക്ഷ്യവസ്തുക്കളും നമ്മുടെ മണ്ണിൽ നിന്നുതന്നെ ലഭ്യമായിരുന്നു, എന്നാൽ ഇന്ന് പൂർണ്ണമായും മറുനാടിനെ ആശ്രയിക്കേണ്ടി വരുന്നു. നന്മയെ കാണാതെ വിവാദങ്ങളെ ആഘോഷങ്ങളാക്കുന്ന രീതിയിലേക്ക് നമ്മുടെ മാധ്യമ സംസ്ക്കാരങ്ങൾ മാറികഴിഞ്ഞിരിക്കുന്നു.

അതേസമയം ഓണത്തിന്റെ മഹത്തായ സന്ദേശത്തിന് ഇന്നും പ്രസക്തിയുണ്ട്. അതു പൂർണ്ണമായി ഉൾക്കൊള്ളാനും സമൂഹത്തിന്റെ നന്മക്കായി പ്രയോജനപ്പെടുത്താനും നമ്മുക്ക് സാധിക്കണം. സമത്വ സുന്ദര ശോഭനമായ മലയാള സസ്ക്കാരത്തെ സ്വപ്നം കണ്ടുകൊണ്ട് ഈ ഓണം നമ്മുക്ക് ആഘോഷിക്കാം. ഏവർക്കും സ്നേഹം നിറഞ്ഞ ഓണാശംസകൾ.....

**ദീപ്ജോൺ കൊല്ലംപറമ്പിൽ**
മാനേജിംഗ് എഡിറ്റർ
20-09-2012

സന്ദേശം

# ഓണം - ഒരുമയുടെ ഉത്സവം



ചാക്കോ ജോർജ്ജ്കുട്ടി കോട്ടൂർ
ജനറൽ സെക്രട്ടറി KOSS Global

മലയാള നന്മയുടെ സ്നേഹശബ്ദം- 'മനസ്സ്' മുടങ്ങാതെ പ്രസ്സിദ്ദീകരിക്കുന്നതിൽ അതിയായ സന്തോഷവും, ഒപ്പം അനുമോദനങ്ങളും നേരുന്നു. മലയാളികൾ ജതി മത,വർഗ്ഗ ഭേദമെന്യേ ആഘോഷിക്കുന്ന ഉത്സവമാണ് ഓണം. മറുനാടൻ മലയാളികൾ പല വേദികളിൽ തങ്ങളുടെ കൂട്ടായ്മകളെ ശക്തിപ്പെടുത്തുമ്പോഴും ഓണമവർക്ക് ഒരുമയുടെ ഉത്സവമാണ്. ഈ ഒരുമ തന്നെയാണ് ഓണത്തിന്റെ പെരുമയും. മനുഷ്യരെല്ലാരും ഒന്നുപോലെ എന്ന ആശയം എത്ര മഹനീയം. പല ചിന്താ പ്രസ്ഥാനങ്ങളും ഈ മഹനീയ ദർശനത്തെ യാഥാർഥ്യമാക്കാൻ ലോകത്തിൽ രൂപമെടുത്തിട്ടുണ്ടെങ്കിലും അതു വെറും ആശയമായി ഇന്നും അവശേഷിക്കുന്നു. സമൂഹത്തിലെ സാമ്പത്തികവും മറ്റുമായ അസമത്വങ്ങൾ പലതും തുടച്ചുമാറ്റാൻ പല വിപ്ലവങ്ങളും നടന്നു. പല തത്വശാസ്ത്രങ്ങളും രൂപം കൊണ്ടു; പക്ഷേ, സമത്വത്തിന്റെ വിജയകരമായ വ്യവസ്ഥിതി ഒരിക്കലും യാഥാർഥ്യമായില്ല. അതു യാഥാർഥ്യമാക്കാൻ പതിനായിരങ്ങളുടെ ചോരയൊഴുക്കിയ വിപ്ലവകാരികളും ചരിത്രത്തിന്റെ മൂലയിലേക്ക് എറിയപ്പെട്ടിരിക്കുന്നു. ഇവക്കെല്ലമിടയിലും മഹബലിയുടെ സാമ്രാജ്യത്തെക്കുറിച്ചുള്ള മലയാളി സങ്കൽപ്പം ഒരു സുന്ദര സന്ദേശമായി എല്ലാവർഷവുംനമ്മുടെഅരികിലെത്തുന്നു.

ഉച്ചനീചത്വങ്ങളില്ലാത്ത, എല്ലാവർക്കും തുല്ല്യാവസരമുള്ള, ദാരിദ്രയം ഇല്ലാത്ത ജീവിത സാഹചര്യം കേവലമായ സാമൂഹ്യനീതിയാണ്. തിരുവോണം ഈ സാമൂഹ്യനീതിയുടെ അതീവ ചേതോഹരമായൊരു പാഠമാകും നമ്മുക്ക പറഞ്ഞു തരുന്നത്. എന്നാൽ ഇന്നു സമൂഹത്തിൽ നീതിയേക്കാൾ കൂടുതൽ അനീതിയും ധർമ്മത്തേക്കാൾ വളരെ കൂടുതൽ അധർമ്മവുമാണ് നടക്കുന്നത്. കള്ളവും ചതിവുമില്ലാത്ത, എള്ളോളം പൊളിവചനമില്ലാത്ത, കള്ളപ്പറയും ചെറുനാഴിയുമില്ലാത്ത, മനുഷ്യരെല്ലാരും ഒന്നുപോലെ ആമോദത്തോടേ വാണിടുന്നകാലം എത്ര ഉദാത്തമായൊരു സങ്കൽപ്പമാണ്. ആ സങ്കൽപ്പം സാക്ഷാത്ക്കരിക്കാൻ മനുഷ്യനു സാധിക്കുമോ? മനുഷ്യൻ പരസ്പര പരിഗണനയോടെ ജീവിച്ചാൽ അതു സധിക്കുമെന്നു വേണം കരുതാൻ. ഈശ്വരാംശമുള്ള മനുഷ്യനു ഓണത്തിന്റെ മനുഷ്യത്വ സങ്കൽപ്പത്തെ യാഥാർഥ്യമാക്കാൻ സാധിക്കും. മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കുള്ള പാതയിൽ മനുഷ്യർ ചരിക്കുമ്പോഴാണ് ഓണത്തിനു സാക്ഷാത്ക്കാരമാകുന്നത്.നമ്മുടെ ഈ ഓണാഘോഷം അതിനുതകുന്നതായി തീരട്ടെ. എല്ലാവർക്കും എന്റെ ഓണാശംസകൾ നേരുന്നു.

സന്ദേശം



# സാമുദായിക സമന്വയത്തിന്റെ സമത്വോത്സവം

ചന്ദ്രശേഖരകുറുപ്പ് ചെറുകുളത്തൂർ
രക്ഷാധികാരി,KOSS KUWAIT CHAPTER

ഓണാഘോഷം സമൃദ്ദിയുടേയും സമത്വത്തിന്റെയും സന്ദേശമാണ് നൽകുന്നത്. മഹാബലി ചക്രവർത്തിയുടെ ഭരണകാലത്ത് ഉണ്ടായിരുന്നതായി കരുതുന്ന ഈ ഐശ്വര്യ സമൃദ്ദിയും സമത്വ ചിന്തയും വർത്തമാന കാലത്ത് യാഥാർഥ്യമാക്കാനുള്ള ലക്ഷ്യവും പ്രവർത്തനവുമാണ് ഓണഘോഷത്തിന്റെ കാതൽ. ഐശ്വര്യ സമൃദ്ദിയും സമത്വ ചിന്തയും നിലനിർത്താനുംകൂടുതൽ സജീവമായ സാമുദായിക സമന്വയം നേടാനും ഈ ഓണാഘോഷം നമ്മുക്ക് പ്രചോദനമാകട്ടെ.

ഓണനാളുകളുടെ വർണ്ണ ശബളിമയിൽ നാടും നഗരവും മുങ്ങുമ്പോഴും പല യാഥാർഥ്യങ്ങളും സമൂഹത്തിലും വ്യവസ്ഥിതിയിലും നിലനിൽക്കുകയാണ്. കുടുംബ ഭദ്രതയുടെ, സാമൂഹിക സുരക്ഷിതത്വന്റെ,രാഷ്ട്രീയ മാന്യതയുടെയൊക്കെ അടിസ്ഥ ാന പ്രമാണങ്ങൾ തകർക്കപ്പെടുമ്പോൾ ആടിയുലയുന്നത് സമൂഹത്തിന്റെ നെടുംതൂണുകളാണ്. സ്പർദ്ദയും കുടിപ്പകകളും സമൂഹത്തിൽ നിരന്തര സങ്കർഷങ്ങൾക്ക് വഴിയൊരുക്കുന്നു. സാഹോദര്യവും സന്തോഷവും സമൂഹത്തിൽ കൊണ്ടുവരാൻ ഓണംപോലുള്ള ആഘോഷങ്ങൾക്ക് കഴിയണം. ഓണം പൊങ്ങച്ചത്തിന്റെ പ്രകടനമാകരുത്. ഓണസദ്യ വലിയ ബിസിനസായി മാറിയിരിക്കുന്നു. അധ്വാനത്തിനല്ല പ്രകടനത്തിനാണിപ്പോൾ പ്രാമുഖ്യമെന്നത് അപകടകരമായ അവസ്ഥ യാണ്. അധ്വാനം അലസതക്കു വഴിമാറുമ്പോൾ സമൂഹം സമൂഹം അധഃപതനത്തിലേക്ക് നീങ്ങുകയായി.

ഓണം നമ്മുക്ക് ഉദാത്തമായൊരു സന്ദേശം നൽകുന്നത് മറന്നിട്ട് പുറം മോടിയുടെ മാസ്മരികതയിൽ നാം മതി മറക്കുമ്പോൾ യാഥാർഥ സന്തോഷത്തിന്റെ അലയൊലികളല്ല കേൾക്കാനവുക. അർത്ഥവത്തായൊരു ഓണത്തിനായി ഇനിയും ഏറെ കാത്തിരിക്കേണ്ടി വന്നേക്കാം. എങ്കിലും മനുഷ്യത്വത്തിലേക്കുള്ള ചുവടുവെപ്പായി ഓരോ ഓണവും മാറട്ടെ. ആ ചുവടുവെപ്പിൽ സ്വയം ശുദ്ദീകരിച്ചും പരിസ്സരങ്ങളെ പവിത്രമാക്കിയും നീങ്ങുവാൻ എല്ലാവർക്കും കടമയുണ്ട്.അതിനായി നമുക്കേവർക്കും യത്നിക്കാം. ഏവർക്കും എന്റെ ഹൃദയം നിറഞ്ഞഓണാശംസകൾ. ഒപ്പം പ്രവാസ ശബ്ദത്തിന്റെ തുടിപ്പും പേറി അഭിമാനത്തിന്റെ സ്വർണ്ണ ചിറകു വിടർത്തി ഉയരങ്ങളിലേക്ക് സഞ്ചരിക്കുന്ന ‘മനസ്സ് ‘ എന്ന സമാഹാരത്തിനും ഒരായിരം വിജയാശംസകൾ.

എനിക്കെന്തൊക്കെ ഉണ്ടോ അതാണ് ഞാൻ.
എനിക്കുള്ളതെല്ലാം നഷ്ട്ടപ്പെട്ടാൽ, പിന്നെ ഞാനാരാണ്.

അജ്ഞാതകർത്തൃകം

ലേഖനം

# സ്വയം തുച്ഛീകരണത്തിന്റെ മുഖപ്പട്ട



ഡോ. ജോൺ- പനക്കൽ, ബഹ്റിൻ

വിഷാദത്തിന്റെ ഏഴുമുഖപ്പട്ടകളിൽ മൂന്നാമത്തേതാണ് തുച്ഛീകരണത്തിന്റെ മുഖപ്പട്ട ഞാനാരുമല്ല, ഞാനൊന്നുമല്ല എന്ന ചിന്തകൊണ്ടുണ്ടാകുന്ന മുഖമൂടിയാണ്. ചുറ്റുമുള്ളവരുമായി താരതമ്യപെടുത്തുമ്പോൾ ഞാനൊരു ശുഷ്കമാണ് എന്ന മനോഭാവം ഇങ്ങനെയുള്ളവർ വിഷാദരോഗത്തിന് അടിമകളാകും ഒരു പുരുഷായുസ്സ് മുഴുവൻ ഈ അടിമത്വത്തിൽ കഴിയാൻ അവർ വിധിക്കപ്പെടും. അവരുടെ സംസാരത്തിൽ പോലും ആ അടിമത്വം നിഴലിച്ചുകാണാം "ഓ ഞാനാരാ നിങ്ങളൊക്കെയല്ലേ വലിയവർ നിങ്ങൾക്കൊക്കെ എന്തും ആകാമല്ലോ പക്ഷേ ഓർമ്മ വേണം" എന്ന് സംഭാഷണത്തിൽ ഉടനീളം പ്രതിഫലിക്കും. ഒരുതരം അപകർഷാ ബോധത്തിന്റെ മുഖാവരണമാണിത്.

നമ്മുടെ സമൂഹത്തിൽ നാല് തരത്തിലുള്ള ആൾക്കാരെ കാണാം. സാന്ദർഭികമായി അതിനെക്കുറിച്ച് കുറിക്കേണ്ടിവരുന്നു. ഒന്നാമത്തെ തരക്കാർ ഞാൻ കൊള്ളാവുന്നവൻ, നിങ്ങളോക്കെ മോശക്കാർ എന്ന ഭാവം വച്ചുപുലർത്തുന്നവരാണ്. സ്വയം പ്രശംസിക്കുന്നവർ ഞാനാരാണന്നറിയാമോ, എന്റെ കുടുംബത്തിന്റെ മഹിമ എന്താണെന്നറിയാമോ എന്ത് സ്വാധീനമുണ്ടെനിക്കും എനിക്കുള്ളവർക്കും എന്നൊക്കെ വീമ്പിളക്കി സമൂഹത്തിൽ കേമനാകാൻ പാടുപെടുന്നവർ. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പാപ്പക്ക് ഒരാനണ്ടാർന്നു' എന്ന ശൈലിയിൽ ജീവിക്കുന്നവരാണിവർ. വലിയവരുടെ ഇടയിലുള്ള സ്വാധീനത്തെക്കുറിച്ച് ഇവർ വാതോരാതെ സംസാരിച്ചുക്കൊണ്ടിരിക്കും. തങ്ങളെക്കാൾ ചെറിയവരെന്ന് തോന്നുന്നവരോട് ഇടപഴകാൻ അവർ വിമുഖത പ്രകടിപ്പിക്കും. എന്റെ കാലിലെ ചെരിപ്പിന്റെ വാറ് ആഴിചിടാൻ പോലും യോഗ്യതയില്ലാത്തവൻ എന്ന് മററുള്ളവരെ നോക്കി കമന്റടിക്കും. എന്റെ ഒപ്പം ഈ സദസ്സിലിരിക്കാൻ അയാൾക്കെന്ത് യോഗ്യത എന്ന് ജല്പനം നടത്തിക്കൊണ്ടിരിക്കുന്നവരാണിവർ. സ്വയം ഭാവിക്കുന്നവർ മററുള്ളവരെ സദാ താഴ്ത്തികെട്ടാൻ വ്യഗ്രത പ്രദർശിപ്പിക്കുന്നവർ ഒന്നാം തരക്കാരുടെ സ്വഭാവമാണിത്.

രണ്ടാം തരക്കാർ പറഞ്ഞുകൊണ്ടിരിക്കും നിങ്ങളൊക്കെ വലിയ ആൾക്കാർ ഞനൊന്നിനും കൊള്ളരുതാത്തവർ. ഞാനൊരു ഭാഗ്യദോഷി എന്നും കഷ്ടകാലമാണെനിക്ക്. ഓർമ്മയായ കാലം മുതൽ ഇന്നുവരെ എനിക്ക് ഒരു ഗതിയും പിടിച്ചിട്ടില്ല. നിങ്ങളൊക്കെ വാഴ്ത്തപ്പെട്ടവർ, ഞാൻ താഴ്ത്തപ്പെട്ടവൻ, എനിക്ക് അഭിമാനിക്കനൊന്നുമില്ലാ.എന്നിങ്ങനെ സ്വയം വിലപിക്കുന്നവർ. മൂന്നാം മുഖപ്പട്ട അണിഞ്ഞവർ ഇത്തരക്കാരാണ്. ഇവർ സ്വയം തങ്ങളെത്തന്നെ എപ്പോഴും താഴ്ത്തികൊണ്ടിരിക്കും മൂന്നാം തരക്കരുടെ ശൈലിയാണ് ഞാനും കൊള്ളരുത്, നീയും കൊള്ളരുത് നമ്മളൊക്കെ ഭാഗ്യദോഷികൾ. മററുള്ളവരൊക്കെയാണ് കേമന്മാർ ഇവർ ചിന്തയിലും, സംസാരത്തിലും പ്രവർത്തിയിലും ന്യൂനോർജ്ജം പ്രസരിപ്പിച്ചുകൊണ്ടിരിക്കും. ദോഷൈകദൃക്കുകളാണിവർ. അവരിലും അവർക്ക് ചുററുമുള്ളവരിലുമുള്ള നന്മയെ കാണാതെ തിന്മയെ മാത്രം കാണുകയും അവയെ ഊതി വീർപ്പിച്ച് ഉയർത്തികാട്ടുകയും ചെയ്യുന്നവരാണീ മൂന്നാം തരക്കാർ. നമ്മുടെ സമൂഹത്തിന്റെ ശാപമാണീ വിഭാഗക്കാർ. നാലാമത്തെ കൂട്ടർക്ക് വേറെരു ശൈലിയാണ് ഞാനും കൊള്ളാം നീയും കൊള്ളാം എന്നെയും എന്നോടൊപ്പമുള്ളവരെയും നല്ല കണ്ണുകോണ്ട് നോക്കികാണുന്ന ഗുണൈകദൃക്കുകൾ. ആർജ്ജവ ചിന്തയാണ് ഇവരെ എപ്പോഴും ഭരിക്കുന്നത്. ഈ മുഖമുദ്ര ജീവിതയോധനത്തിൽ ഒരാവരണവും ആഭരണവുമാക്കിയവർ, വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറിക്കൊണ്ടിരിക്കും അങ്ങനെയുള്ളവർ ദുഖത്തിന്റെ പാനപാത്രത്തിലും സമാധാനത്തിന്റെയും സംതൃപ്തിയുടെയും മാധുര്യം രുചിച്ചറിയും വേദനയിലും ആശ്വാസത്തിന്റെ കിരണങ്ങൾ ദർശിക്കും. വിഷാദത്തിലും സന്തോഷത്തിന്റെയും പ്രത്യാശയുടെയും വെള്ളിമേഘം പ്രകാശിക്കുന്നത് ഇവർക്ക് കാണാം.

ഏനിക്കറിയാവുന്ന ഒരു പ്രവാസിയുടെ ജീവിതകഥ ഇവിടെ പ്രസക്തമാണ്. ഒരു നല്ല ബിസിനസ്സുകാരൻ, കൈവക്കുന്ന മേഖലകളൊക്കെ വിജയം കൊയ്തെടുക്കുന്നയാൾ. നല്ല സമ്പാദ്യമുണ്ട്. അദ്ദേഹത്തിന്റെ അച്ഛൻ നാട്ടിൽ ചെരുപ്പു നന്നാക്കുന്ന ജോലി ചെയ്യുന്ന ആളായിരുന്നു. അതുകൊണ്ട് നാട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നത് 'ചെരുപ്പുകുത്തി' എന്നായിരുന്നു. ഈ മകനെ പരക്കെ നാട്ടുകരുടെ ഇടയിൽ അറിയപ്പെട്ടിരുന്നതും 'ചെരുപ്പുകുത്തിയുടെ മകൻ' എന്ന പേരിലാണ്. തന്റെ ഗ്രാമത്തിൽ ധാരാളം പേരെ വിസയും ജോലിയും കൊടുത്ത് അയാൾ ഗൾഫിൽ കൊണ്ടുവരും. പഴയ കുടിലുകളൊക്കെ മാറി നല്ല കെട്ടിടങ്ങളായി എന്നിട്ടും അയാൾക്കുള്ള ഈ പേരുമാത്രം മാറിയില്ല. ഇതിനിടെ എന്തോ കാരണത്താൽ അയാളുടെ അച്ഛൻ ആത്മഹത്യ ചെയ്തു. അന്നുമുതൽ നാട്ടുകാർ ഇയാളുടെ പേരുമാററി തൂങ്ങിചത്ത ചെരുപ്പുകുത്തിയുടെ മകൻ എന്നാക്കി. അതയാളുടെ കാതുകളിൽ പുളിപ്പില്ലാതെ എത്തിക്കാനും വിരുതന്മാർ ഉണ്ടായിരുന്നു. മനം നൊന്ത് ജന്മാനാടിനെ വെറുത്ത് അയാൾ ഗ്രാമത്തിലെ സർവ്വവും വിററുപെറുക്കി മറുനാട്ടിലേക്ക് ചേക്കേറി ബാംഗ്ളൂരിൽ ഫ്ളാററ് വാങ്ങി സ്ഥിരതാമസമാക്കി. ജന്മനാട്ടിലേക്ക് തിരിഞ്ഞു നോക്കിയില്ല. പിന്നീട് എന്റെ ഭൂമിശാസ്ത്രം വശമില്ലാത്ത അജ് ഞാതരുടെ തിരക്കിനിടയിൽ ഉറപ്പിച്ചു. ചുരുക്കത്തിൽ സ്വയം ചുരുങ്ങളിന്റെ മുഖപ്പട്ട ധരിക്കുന്ന ഒരു മനുഷ്യനായി അയാൾ മാറിക്കഴിഞ്ഞിരിക്കുന്നു. പിറന്നുവീണ മണ്ണിനോടുള്ള പൊക്കിൾകൊടിബന്ധം പോലും മറന്ന് സമൂഹത്തിൽ നിന്ന് അദ്ദേഹം ഓടിയൊളിച്ചിരിക്കുന്നു. കാരണക്കർ ആര്? അയാൾതന്നെ കൈനീട്ടി സഹായിച്ച സമൂഹം തന്നെ. ഈ സമൂഹത്തെ തിരുത്തുവാൻ അയാളെകൊണ്ട് സാധ്യമല്ല. സമൂഹം തരുന്ന വെല്ലുവിളികളെ നെഞ്ചിലേററി മുന്നേറാൻ സ്വയം തുച്ഛീകരണത്തിന്റെ മുഖപ്പട്ടയണിഞ്ഞ അയാൾക്ക് മനോബലമില്ലാതെപോയി. ഈ വായുവും മണ്ണും എനിക്ക് കൂടെ അവകാശപ്പെട്ടതാണ്, എനിക്കും ജീവിക്കാണം എന്റെ ജന്മഗ്രാമത്തിൽ എന്ന തുറന്ന മനസ്സ് അദ്ദേഹത്തിന് ലഭിക്കാതെ പോയത് ഈ മുഖപ്പട്ട കാരണമാണ്. ഇത്തരം ധാരാളം ആളുകളെ നമ്മുടെ ഇടയിൽ കാണാം. സമൂഹത്തിൽ നിന്നും ഒളിച്ചോടുന്നവരാണിത്തരക്കാർ ഒന്നുകിൽ അവർ സ്വയം അങ്ങനെ ആയിത്തീരുന്നു. അല്ലെങ്കിൽ അവരുൾപ്പെട്ട സമൂഹം അവരെ അങ്ങനെ ആക്കിയെടുക്കുന്നു. വിഷാദത്തിന്റെ വേലിയേററം ഇങ്ങനെയുള്ളവരുടെമുഖപേശികളിൽ പ്രകമ്പനം സൃഷ്ടിക്കുന്നത് അവരുമായി ഇടപഴകുമ്പോൾ നമുക്ക് മനസ്സിലാക്കാം. ഈ മുഖപ്പട്ട വലിച്ചെറിയുവാൻ തലയുയർത്തി കൂസലില്ലാതെ മററുള്ളവരുടെ മുമ്പിൽ നിവർന്ന് നിൽക്കുവാൻ ഞാനൊട്ടും കുറഞ്ഞവനല്ല എന്ന് മനസാക്ഷിയെ പറഞ്ഞ് മനസ്സിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചാൽ ' ഞാനും കൊള്ളാം നീയും കൊള്ളാം' എന്ന അവസ്ഥയിൽ നമുക്ക് എത്താൻ കഴിയും.

ആരും ആർക്കും സ്വന്തമല്ല, ആരും ആർക്കും അടിമയല്ല, ഉയർച്ചതാഴ്ച്ചകൾ ആരുടെയും കുത്തകയല്ല, ഞാനുംകൊള്ളാം നീയും കൊള്ളാം.

**സന്ദേശം**

# ഓണം - ഒരു സാർവ്വദേശീയോത്സവം



ജോസ്.ജി.കൊല്ലംപറമ്പിൽ
ദോഹ, ഖത്തർ

ഓണം എന്നത് കേരളത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഒരു ദേശീയോത്സവമല്ല. മറിച്ച് എത്രയോ വർഷങ്ങളായി മലയാളികൾ അടങ്ങുന്ന ഒരു സാർവ്വദേശീയ ഉത്സവമായി മാറികഴിഞ്ഞിരിക്കുന്നു. പാശ്ചാത്യ പൗരസ്ത്യ നാട്ടുകളിലും കൂടാതെ അറേബ്യൻ നാട്ടുകളിലും ജാതിമത ഭേദമെന്യേ ഓണം ആഘോഷിക്കപ്പെടുന്നു. പണ്ടു വെറും പത്തോ, പതിനഞ്ചോ ദിവസം ആഘോഷിക്കപ്പെട്ടിരുന്ന കേരളീയോത്സവം ഇന്ന് ഓണത്തിന് രണ്ടു മാസം മുൻമ്പു തുടങ്ങി തിരുവോണം കഴിഞ്ഞും മൂന്നും നാലും മാസം വരെ നീണ്ടു നിൽക്കുന്നു. കാരണം പലതുമാണ്. ഓണം വർണ്ണങ്ങളുടെ, പൂക്കളുടെ, കലകളുടെ, വഞ്ചിപ്പാട്ടുകളുടെ, വിനോദത്തിന്റെ, കായികാഭ്യാസങ്ങളുടെ എന്നു തുടങ്ങി എണ്ണിയാൽ അവസ്സാനിക്കാത്ത സന്തോഷത്തിമിർപ്പിന്റെ ഉത്സവമാണ്. സമാധാനവും, സഹോദര്യവും, സ്നേഹവും, ഐശ്വര്യവുമാണ് ഓണഘോഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. ആത്മാവിൽ അതു സൃഷ്ടിക്കുന്നത് സുഖസമൃദ്ധിയുടെ ആവിഷ്ക്കാരവും അനുഭൂതിയും ആണ്.

സത്യത്തിൽ നമ്മളിൽ അങ്കുരിക്കപെട്ട കേരളീയതയും ഭാരതീയതയും മറ്റു രാജ്യസംസ്ക്കരങ്ങളിൽ നിന്നും എത്ര മാത്രം വത്യസ്തമായതും അനുഗ്രഹീതവുമാണ്. യുഗങ്ങളായി ഒരേ സമയം ഇവിടെ ഓതിക്കൊണ്ടിരിക്കുന്ന ഉപനിഷത്-വേദ മന്ത്രോച്ചാരണങ്ങളും, കുർബ്ബാനഗീതങ്ങളും, ബാങ്കു വിളികളും തുടങ്ങി ആദിവാസികളുടെ ദേവസ്തുതികളായ തുടികൊട്ടലുകളും ഇത്രമാത്രം വ്യത്യസ്തമായ മറ്റേതു രാജ്യത്ത് കാണാൻ കഴിയും. ഇവിടുത്തെ ഏതൊരു മണൽത്തരി മുതൽ അറിഞ്ഞോ അറിയതെയോ ഏതൊരു മനുഷ്യ ഹൃദയത്തിലും അതിന്റെ നന്മ ആവഹിക്കപ്പെടുകയും പ്രതിഭലിക്കപ്പെടുകയുമാണ് ചെയ്യുന്നത് ഇവിടെ സ്നേഹവും സാഹോദര്യവുമാണ് പ്രധാനം, അവിടെ ഐശ്വര്യവും ശാന്തിയും സ്വയമെ അനുഭവഭേദ്യമാകും. നൂറ്റാണ്ടുകൾക്കു മുൻപ് രചിക്കപ്പെട്ട കൃഷ്ണയജൂർവേദ ശാഖയിലെ തൈത്തിരീയോപനിഷത്തിലെ ശാന്തിപാഠത്തിൽ തന്നെ ഭാരതീയതയുടെ ആശയം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് കാണുക.

ഓം സഹ നാവവതു , സഹ നൗഭുനക്തു
സഹവീര്യം കര വാവഹേ
തേജസ്വിനാ വിധീത മസ്തു:
മാ വിദ്വിഷാ വഹേ
ഓം ശാന്തി ശാന്തി ശാന്തി

ഈ ബ്രഹ്മം നമ്മെ രണ്ടുപേരെയും ഒന്നിച്ചു സംരക്ഷിക്കട്ടെ! ഒന്നിച്ചു നാം അഭിവൃദ്ധിപ്പെടട്ടെ! നാം ഒന്നിച്ചു പരിശ്രമിക്കുമാറാകട്ടെ! നമ്മുടെ അറിവെല്ലാം തേജസ്സുറ്റതായി ഭവിക്കട്ടെ! നാം രണ്ടുപേരും പരസ്പരം ദ്വേഷിക്കാതിരിക്കട്ടെ! എല്ലാ വിഘ്നങ്ങളും നിങ്ങി നമ്മളിൽ ശന്തിയും ഉണ്ടാകട്ടെ!

അഭിമുഖം

# പ്രതിബദ്ധതയുടെ പ്രവാചകനൊപ്പം ഒരു നിമിഷം

മനുഷ്യ മനസ്സിനെ പ്രശ്നങ്ങളുടെയും സങ്കീർണ്ണതകളുടെയും നീർച്ചുഴിയിൽ നിന്നും ഈശ്വര ചൈതന്യത്തിലേക്ക് എത്തിക്കുവാൻ യത്നിക്കുന്ന ആത്മീയാചാര്യനും, വിചാരങ്ങളെയും, വിമർശനങ്ങളെയും, നർമ്മഭാവത്തിൽ ഭ്രമനസ്സിൽ ചാലിക്കുന്ന അതുല്യ പ്രതിഭയും, പ്രമുഖ സാംസ്ക്കാരിക നായകനും, അനശ്വരനായ വാഗ്മിയും മാർത്തോമ്മാ സഭയുടെ വലിയ മെത്രാപോലീത്തായുമായ അഭി. ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുമായി **ശ്രീ. ജോയ്സൺ വർഗ്ഗീസ്** പുലേലിൽ കുടശ്ശനാട്, മനസ്സ് മാസികക്കു വേണ്ടി നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്നും.



- തിരുമേനിയുടെ ജനനം?

ഞാൻ ജനിച്ചത് 1918 ഏപ്രിൽ 27- ന ആണ്.



നിങ്ങളെ സമീപിച്ചവരെ തിരിച്ചയക്കേണ്ടത് കൂടുതൽ സാന്തോഷമുള്ളവരുംനല്ലവരും ആക്കിയാണ്. ഈശ്വരകരുണയുടെ ജീവിക്കുന്ന അടയാളങ്ങളാകണം നിങ്ങൾ.നിങ്ങളുടെ മുഖത്തും കണ്ണുകളിലും ചിരിയിലും കരുണ പ്രതിഫലിക്കട്ടെ.

മദർ തെരേസ

- ഈ ജീവിതം ധന്യമായി തീർന്നുവെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ ?

അത് ഈശ്വരനാണ്തീരുമനിക്കേണ്ടത്. ദൈവം നൽകിയ ഈ ജീവിതത്തിൽ ഞാൻ സംതൃപ്തനാണ്. ആരാണ് എല്ലാകാര്യങ്ങളുംഭഗിയായി ചെയ്തത്? അത് യേശു ക്രിസ്തു മാത്രമാണ്.
ഈശ്വരന്റെഇഷ്ടമനുസരിച്ച് കുറെയൊക്കെ പ്രവർത്തിക്കാനും ഈശ്വരനെപ്പറ്റി മറ്റുള്ളവരെ അറിയിക്കാനും കുറെയൊക്കെ സാധിച്ചു എന്നാൽ ഞാൻ ആഗ്രഹിച്ചതു പോലെ സാധിച്ചിട്ടില്ല.

- അങ്ങേക്ക് സാധിക്കാതെ പോയത് എന്തൊക്കേയണന്ന് വ്യക്തമാക്കാമോ?

ദൈവത്തിലുള്ള എന്റെ വിശ്വാസക്കുറവ് അല്ലെങ്കിൽ എന്റെ പാപങ്ങൾ എന്നും ഏറ്റു പറയണം എങ്കിലും എല്ലാത്തിനും പരാജയപ്പെട്ടിട്ടില്ല. 95 മാർക്കു നേടിയ കുട്ടിക്ക് 5 മാർക്ക് കുറവുണ്ടല്ലോ

- ദൈവ വേലയിലേക്ക് കടന്നു വരാൻ അങ്ങയെ സ്വാധീനിച്ച വക്തികൾ?

പ്രത്യേകിച്ചാരുമില്ല. അങ്ങനെയാരെങ്കിലും ഉണ്ടെങ്കിൽ അതെന്റെ അമ്മയാണ്.

- അങ്ങയുടെ ഓർമ്മയിൽ ഇപ്പോഴും തങ്ങി നിൽക്കുന്ന കുട്ടിക്കാലത്തെ ഏതെങ്കിലും സംഭവം വിശദ്ദമാക്കാമോ?

എനിക്ക് 6 വയസ്സുള്ളപ്പോൾ അതായത് 1924-ൽ ഞാൻ പമ്പാനദിക്ക് അടുത്ത് താമസിക്കുമ്പോൾ വെള്ളപ്പൊക്കം ഉണ്ടായി. ആ വെള്ളപ്പൊക്കത്തിൽ കുറേ വീടുകളും,കന്നുകാലികളും ഒഴുകി പോകുന്ന കാഴ്ച്ച ഇന്നും എന്റെ മനസ്സിൽ വിഷമതയുളവാക്കുന്നു

- മതങ്ങൾ മനുഷ്യനു വേണ്ടിയാണ് മറിച്ച് മനുഷ്യൻ മതങ്ങൾക്കുവേണ്ടിയല്ല. ഇതേപ്പറ്റി അങ്ങയുടെ അഭിപ്രായം ?.

മതവും വിശ്വാസവും ഒന്നല്ല. മതം എന്നത് ഒരു സമൂഹം കൂടി നിശ്ചയിക്കുന്നതാണ്. വിശ്വാസം എന്നാൽ നമ്മുടെ ജീവിതത്തെ നിശ്ചയിക്കുന്ന factors ആണ്. എല്ലാ മതങ്ങളും വിശ്വാസത്തിൽ

അധിഷ്ഠിതമാണ്.എന്നാൽ കാലക്രമത്തിൽ വിശ്വാസം നഷ്ട്ടപ്പെടുകയും സംഘടന നിലനിൽക്കുകയും ചെയ്യുന്നു മതങ്ങൾ ഇന്ന് വോട്ടുകളുടെ മുഖാന്തിരമാണ്. മതം മനുഷ്യനു വേണ്ടിയാണ്, അല്ലാതെ മനുഷ്യൻ മതങ്ങൾക്കു വേണ്ടിയല്ല.

- **നമ്മുടെ നട്ടിലെ കൃഷിയെപ്പറ്റി അങ്ങേക്ക് പറയാനുള്ളത് ?**

എന്റെ അഭിപ്രായത്തിൽ കൃഷിക്കാരും അതിനെ സ്നേഹിക്കുന്ന ആളുകളും കുറഞ്ഞു മക്കളെ സ്നേഹിക്കുന്ന അമ്മമാരും, അമ്മമാരെ സ്നേഹിക്കുന്ന മക്കളും കുറഞ്ഞു അതുപോലെയായി നമ്മുടെ കൃഷിയും. ഇന്ന് നാം മറ്റുള്ളവർ ചെയ്തു തന്നാൽ പണം കൊടുത്തു വാങ്ങിക്കും.

ഈ ഭൂമിയുമായുള്ള ബന്ധം നമ്മുടെ ആളത്വത്തിന്റെ വളർച്ചക്ക് ആവശ്യമായ ഒന്നാണ്. മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുമ്പോഴാണ് ആരോഗ്യവാനാകുന്നത്. ആ ധാരണ ഇന്ന് പോയി. ദൈവം ഭൂമിയെ മനുഷ്യനു നൽകിയിരിക്കുന്നത് കൃഷി ചെയ്യുവാനാണ്

- **നമ്മുടെ പത്രമാധ്യമങ്ങൾ മുൻ കാലങ്ങളിൽ നമ്മെ ധാരാളം സ്വാധീനിച്ചിട്ടുണ്ട്എന്നാൽ ഇന്ന്ഒരുപാട് തെറ്റിധരിക്കപ്പെടുന്നു.എന്താണ് അങ്ങയുടെ അഭിപ്രായം?**

പണ്ട് ഇത്രയധികം മാധ്യമങ്ങൾ ഉണ്ടായിരുന്നില്ല.ഇന്ന് പത്രം വരുത്താത്ത വീടുകൾ കുറവാണ്.ഇന്ന് മനുഷ്യനെ മനുഷ്യനാക്കുന്നതിലല്ല, മാധ്യമങ്ങളുടെ താത്പര്യം.ആദ്യകാല പത്രമാധ്യമങ്ങളിൽ മനുഷ്യനെ നന്നാക്കുന്ന തരത്തിലുള്ള വാർത്തകളായിരുന്നു.എന്നാൽ ഇന്നത്തെ സ്ഥിഥി മാറി.

- **അങ്ങ് എഴുതിയുട്ടുള്ള പുസ്തകങ്ങൾ?**

ഞാൻ സ്വന്തമായി പുസ്തകങ്ങൾ ഒന്നും തന്നെ എഴുതിയിട്ടില്ല. എന്നാൽ ഞാൻ പറഞ്ഞ പല കാര്യങ്ങൾ കൂട്ടി ചേർത്ത് പലരും എന്റെ പേരിൽ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്ഇരുപത്തഞ്ചോളം പുസ്തകങ്ങൾ അങ്ങാനെയുണ്ട്. എഴുതിയവർ അവരുടെആശയങ്ങളല്ല,എന്റെ ആശയങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ള പുസ്തകം 'തിരുമേനി ചിരിക്കുന്നു നാം ചിന്തിക്കുന്നു' എന്നുള്ളതാണ്.



- **ക്രിസ്തുവിനെ അറിയുന്ന വിവിധ സഭകൾ ഇന്ന് സമൂഹത്തിലുണ്ട്. ഇപ്രകാരം പല സഭൾ ആവശ്യമാണോ ?**

നല്ല ബന്ധങ്ങളിലൂടെയാണ് മനുഷ്യൻ മനുഷ്യനാകുന്നത്. എന്നാൽ പിന്നീട് മനുഷ്യത്വം നഷ്ടപ്പെടുന്നതിന്റെ ഫലമായാണ് ഭിന്നിക്കുന്നത്

- **കുവൈറ്റിലുള്ള പ്രവാസി മലയാളികൾക്ക് അങ്ങക്ക് നൽകാനുള്ള സന്ദേശം എന്താണ്?**

കേരളത്തിന്റെ ഇന്നത്തെ ഉയർച്ചയിൽ പ്രവാസി മലയാളികൾക്ക് വളരെയേറെ പങ്കുണ്ട്. കേരളത്തിനു പുറത്താണ് ജീവിക്കുന്നതെങ്കിലും കേരള തനിമ കൈവിടാതെ ജീവിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ട്. എവിടെയാണെങ്കിലും സ്നേഹത്തിലും,സത്യസന്ധതയിലും, ഒരുമയോടെയും ജീവിക്കുവാൻ ശ്രമിക്കുക. അതിനു സർവ്വേശ്വരൻ ഇടയാക്കട്ടെ. അതോടൊപ്പം എല്ലാവർക്കും നന്മകൾ നിറഞ്ഞ ഓണാശംസകളും നേരുന്നു

കവിത

# കാവ്യ നൊമ്പരം



മോൻസി ഏലക്കോട്ട്
കുടശ്ശനാട്

ഇതു കവിതയല്ല എന്റെ ഹൃദയമാണ് !
ഞാൻ അറിയതെ പാടിയ വരികളാണ്
വിരിയുന്ന നെല്ലിന്റെ മണമാണിതിൽ
എന്റെ കരിയുന്ന കരളിന്റെ കനവാണിത്
ഇത് കവിതയല്ല എന്റെ മോഹമാണ്...

എരിയുന്ന സൂര്യന്റെ നിറമാണിത്
ആ നിറവിൽ കരിഞ്ഞൊരു സ്മൃതിയാണിത്
ധരണിയിൽ മനുഷ്യൻ മദിച്ചൊരാ പാപത്തിൻ
ചുട്ടുചോര കണ്ടു വിറച്ചുപോയി
ഇനിയും പിറക്കാനിരിക്കുന്ന പൈതലിൻ
വിധിയോർത്ത് കോരിത്തരിച്ചു പോയി

ഇതു കവിതയല്ല എന്റെ ചിന്തയാണ്...
കഴുകു മരം വെറും കഥയായി തുടരുന്നു
കഴുകിൽ വിധിച്ചവൻ വിധിയിൽ കുടുങ്ങുന്നു
ആരാചാരാകുവാൻ ആളെ തിരയുന്നു
മനുഷ്യമാംസം പല തെരുവിലും വിൽക്കുന്നു
ഇതു കവിതയല്ല എന്റെ കദനമാണ്...

വിധിയെ പഴിച്ചിട്ടും ക്ഷമയെ പരീക്ഷിച്ചും
ഒരുപാടു പേർ പിരിഞ്ഞു പോയി- ഇവിടെ
ഒരുപാടു കൊല ചെയ്ത് കലിപൂണ്ടൊരുത്തനെ
നിയമം വിധിക്കണം ആരാച്ചാരായ്
അവനറിയണം ആത്മാവ് അകലുന്നത്
അപരന്റെ നെഞ്ചിലെ ചുട്ട ചോര നുരയുന്നത്
ഇതു കവിതയല്ല വെറും സത്യമാണ്...

അറുതിയില്ല ഇതിനു അറുതിയില്ല
ഇതു തുടരും തുടർകഥ പോലെ തന്നെ
ഇരയാണ് നീ കാൺക കഥകൾ പോലെ
കര കവിഞ്ഞൊഴുകുന്ന കദനമീ ലോകം
ഇതു കവിതയല്ല എന്റെ എന്റെ ഹൃദയമാണ്...

(ഉരുകുന്ന മനസ്സിൽ നിന്ന് ഒഴുകിയിറങ്ങിയ ചില വരികൾ)

## പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഡോ.ബിജു കുമാറിന് കോസ് കുവൈറ്റ് ചാപ്റ്ററിൻെറ ആശംസകൾ



(2010 –ലെ ഏറ്റവും മികച്ച ചലച്ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട വീട്ടിലേക്കുള്ള വഴി എന്ന ചിത്രത്തിനുള്ള ദേശീയ പുരസ്ക്കാരം ബഹു.മുൻ രാഷ്ട്രപതി പ്രതിഭാ പാട്ടിൽ ഡോ. ബിജു കുമാറിന് നൽകുന്നു)

ഒരു മലയാള ചലച്ചിത്ര സംവിധയകനും ഹോമിയോ ഡോക്ടറുമാണ് ബിജുകുമാർ ദാമോദരൻ. 2010- ൽ നിർമ്മിച്ച വീട്ടിലേക്കുള്ള വഴി ഉൾപ്പെടെ മൂന്ന് ചിത്രങ്ങളാണ് ഇദ്ദേഹം സംവിധാനം ചെയ്തിട്ടുള്ളത്. ഈ ചിത്രം 2010-ലെ ദേശീയ പുരസ്ക്കാരത്തിൽ മികച്ച മലയാള ചിത്രത്തിനുള്ള പുരസ്ക്കാരം കരസ്ഥ മാക്കി. ഖാൻ ഫെസ്റ്റിവെല്ലിലടക്കം 21 ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച സൈറ ആയിരുന്നു ആദ്യത്തെ സംവിധാന സംരംഭം. നവ്യാനായരായിരുന്നു അതിൽ നായികാ കഥാപാത്രത്തെ അവതരിപ്പിച്ചത്. ഏഴു ചലചിത്ര മേളകളിൽ പ്രദർശിപ്പിക്കപ്പെട്ട രാമനാണ് രണ്ടാമത്തെ ചിത്രം. അനൂപ് ചന്ദ്രൻ ഈ ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു. ആഗോളവത്ക്കരണത്തിനെതിരായ ചെറുത്തു നിൽപ്പും അമ്മേരിക്കൻ അധിനിവേശവുമായിരുന്നു ഈ ചിത്രത്തിന്റെ പ്രമേയം.

## ജീവിത രേഖ

വി.കെ. ദാമോദരന്റെയും പൊന്നമ്മയുടെയും മകനായി പന്തളത്തിനടുത്ത് കുടശ്ശനാട് ഗ്രാമത്തിൽ 1971 മേയ് 31-ന് ജനിച്ചു. കുടശ്ശനാട് എൻ.എസ്.എസ്. സ്കൂൾ പന്തളം എൻ.എസ്.എസ്. കോളേജ്, കുറച്ചി ആതുരാശ്രമം ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ഗവ. ഹോമിയോ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇപ്പോൾ കുളനട ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ ചീഫ് മെഡിക്കൽ ഓഫീസർ.

ആദ്യ സിനിമ സൈറ കാൻ ചലച്ചിത്രമേളയിൽ മത്സരേതര വിഭാഗമായ സിനിമ ഓഫ് വേൾഡിലേക്ക് ഉദ്ഘാടനചിത്രമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പിന്നീട് സംവിധാനം ചെയ്ത രാമൻ നിരവധി അന്താരാഷ്ട്ര മേളകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. . ഈജിപ്റ്റിൽ നടന്ന കെയ്റോ അന്തർദേശീയ ചലച്ചിത്രമേളയിലെ ഇൻക്രെഡിബിൾ ഇന്ത്യ എന്ന വിഭാഗത്തിൽ ഔദ്യോഗികമായി തിരഞ്ഞെടുത്ത് പ്രദർശിപ്പിച്ച ചിത്രമാണ് രാമൻ. ആകാശത്തിന്റെ നിറം എന്ന ചിത്രം 2011 ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാര ജൂറിയുടെ പ്രത്യേക പുരസ്കാരത്തിന് അർഹമായി. 2011-ൽ ഗോവയിൽ നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലും 2012-ൽ ചൈനയിൽ നടന്ന ഷാങ്ഹായ് മേളയിലും ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇറാനിലെ മുപ്പതാമത് ഫാജിർ ഫിലിം ഫെസ്റ്റിവലിൽ ഏഷ്യൻ സിനിമകളുടെ മത്സരവിഭാഗത്തിലെ ജൂറിയംഗമായാണ് ഡോ. ബിജുവിനെ തെരഞ്ഞെടുത്തിരുന്നു. കോട്ടയം ഹോമിയോ കോളജ്, തിരുവനന്തപുരം ഹോമിയോ കോളജ് എന്നിവിടങ്ങളിൽ വൈദ്യപഠനം നടത്തിയ ബിജു ഇപ്പോൾ പാലാ ആശുപത്രി സൂപ്രണ്ടായി പ്രവർത്തിക്കുന്നു.

### സംവിധാനം ചെയ്ത ചിത്രങ്ങൾ




സൈറ, രാമൻ, വീട്ടിലേക്കുള്ള വഴി, ആകാശത്തിന്റെ നിറം, തണൽ തരാത്ത മരങ്ങൾ (നിർമ്മാണത്തിൽ)

## പുരസ്ക്കാരങ്ങൾ

2010-ലെ മികച്ച ചലച്ചിത്ര ലേഖനത്തിനുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം സവിധായകരെ കൊല്ലരുത് എന്ന ലേഖനത്തിന് ലഭിച്ചു.

വ്യക്തതയും മൂർച്ചയും കാത്തു സൂക്ഷിക്കുക. നിങ്ങൾ ഈ ലോകത്തെ നോക്കികാണുന്ന ജാലകങ്ങൾ നിങ്ങൾ തന്നെയാണ്.

(ജോർജ്ജ് ബർണാഡ്ഷാ)

ഇംഗ്ലീഷ് നാടകകൃത്ത്

Educative

# 10 Myths ABOUT CAREER PLANNING



Anoop C Kurup Cherukulathur
Treasurer-KOSS Global

Have you started regretting to opt for the career in which you are in, today? Or have you wondered why your colleague always tells he did a mistake by choosing this career of his/her? I recognize here the major myths which all influence choosing a career and how it can ruin career happiness. Here are the 10 Myths which best your career,

## 10. Arts/Humanities create unemployed



Most of us probably give the priority to professional courses considering those are the majors which help to get hired. If you go through the job profiles posted across online and other employment news, you will find interpersonal communication and critical thinking as the most preferred job skills. There are vast variety of jobs which required writing, research, communication and critical thinking skills which art/humanities streams can train you well. Skills matters a lot than your certification.

## 09. Everyone rushes to it, so that me too

Job openings today are not meant to sustain for next decade. The trend in the job market will be kept on changing. The best thing you can do is, find out the best courses according to your own interests and be trained well and equipped with skills. People are easily found unsatisfied within few years in their career path, as they chose their career stream out of career hot lists than their interests. You have to keep in mind that every year there are new jobs and new streams created as the technology, public policy and economic trends get changed.



## 08: Career assessments / counselors are not for me

Career planning is completely not set with your interests; it has to be checked with your aptitude. It is better for you to go through Psychometric Assessments or any Aptitude Tests to analyze your strengths and weakness along with mental capabilities. The brain storming section with your career counselor will help finding out various career options you can really try with your inborn talents and trained skills. Finally, it is up to you whether you want to track the career route which your career counselor suggests or not.



## 07. If s/he is happy with that job, I will be also



Even if there are a lot common interests between her/him, it doesn't mean you can also be happy with the particular job. It is a misbelief you carry. Once you have come to know his/her career is interesting to pursue, you should do a basic research on it. Just analyze its demand in job market, job description, required skills and all as it helps you to take a decision on it. Even if you like a particular job, it cannot be good for you as you may not have those career traits.

## 06. Getting a right career will be happened after a long time wait



If you are inspired by anyone's story as they just 'bumped into' the right career, which will not be applicable for everyone. You have to keep on searching the career which matches your skills and interests. It is not about collecting all the information about job profiles alone, you should also gather information about yourself while both these information will help taking sensible career decision.

## 05. Big check leaves brings big home, happy home



Considering the best salary you can get paid, will not make you happy, always, if you are not doing the job out of passion and interest which brings the commitment to help you grow in career. Job satisfaction is really not found out of money paid. Enjoying the work you do and when you addressed for the project you have done at work will be the most reasons to be satisfied at work than the month end salary slip. But, of course, a good salary is necessary to be motivated to grow in career.

## 04. I will be stuck in the career forever



Today, with thousands of new job openings, job market is active to get you a job, if you have the potential. Switching the career path is not a big episode. You can change your career, if you find yourself troubled and struggling to continue the job you do. With your professional network, you can converse with different professionals and find the new openings and other possibilities out.

## 03. Career change will be a waste of learned skills



While certain jobs demand for particular skills, your gained skills for the job which you left will not be wasted forever. Skills are not used in the same way always. But, they are used in different way. And being a multi-skilled will help you to adapt the new career. Moreover, most of the jobs today demands for same kind of skills which most of the job seekers already posses.

## 02. Depending on academic results to decide career path



Academic results can be affected by the health issues or any such bad situations you met during exam times, which can be accounted by hiring managers. So, depending on your results will not help you keep your foot on the right career path. Of course, holding a sound academic background will help you in getting into the career, but it is not the only thing which helps to get hired. The sudden and spontaneous decisions may result a career which is not properly planned and tracked.

## 01. Some skills are not worthy for earning money



If you are really into some hobbies, you can find a career out of it as you will not feel like working while you enjoy the fullest. Many try cooking, designing, painting, photography and a lot more things as their weekend hobbies. The thing is that you can make out of it while making it as your full-time occupation. Once you start going with your hobby as your profession, there is nothing that can stop you from moving ahead. Pursue it professionally; it will make a great mark in your career growth.

കഥ

# ട്രാഫിക്ക് ജാം



സാജു തോമസ് സ്റ്റീഫൻ
ആനമുടിയിൽ

മേട്രൺ ഓഫീസിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ഞാൻ വാച്ചിൽ നോക്കി. സമയം 3:20, ഞാൻ മനസ്സിൽ കണക്കുക്കൂട്ടി. നാട്ടിലേക്ക് ട്രെയിൻ 7:20ന് പൂനെ റയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടും, അതിന് മുമ്പ് 135 കിലോമീററർ യാത്ര ചെയ്ത് പൂനെയിൽ എത്തണം. എന്റെ താമസസ്ഥലത്തു നിന്നും അഹമ്മദ് നഗറിലേക്ക് ദൂരം 12 കിലോമീററർ, അവിടെ നിന്ന് നാട്ടിലേയ്ക്ക് ട്രെയിൻ ഇല്ല. അതിനാൽ വീണ്ടും 123 കിലോമീററർ യാത്ര ചെയ്ത് പൂനെയിൽ എത്തണം. വിദേശ ജോലി എന്ന സ്വപ്നമാണ് മനസ്സിൽ. അതിനായി ഉള്ള ഇന്റർവ്യൂനായി പോകുകയാണ്. 7:20 ന് അവിടെയെത്തി ട്രെയിൻ പിടിക്കണം, പിന്നെ നാട്ടിലേക്കുള്ള ഒന്നര ദിവസത്തെ യാത്രയും.

ഞാൻ ഫോൺ എടുത്ത് കൂട്ടുകാരനെ വിളിച്ചു "ഞാൻ ഇവിടെ ഹോസ്പിററൽ മെയിൻ ഗേററിൽ വന്ന് നിൽക്കാം, നീ എത്രയും വേഗം എന്റെ ബാഗും എടുത്ത് വണ്ടിയുമായി വാ". ഞാൻ മെയിൻ ഗേററിലേക്ക് ഓടി. അഞ്ച് മിനിററിനകം കൂട്ടുകാരൻ ബൈക്കുമായി എത്തി. ഞാൻ ബൈക്കിൽ ചാടിക്കയറി, വേഗം വിട്ടോ, സമയം ഇല്ലാ, എത്രയും വേഗം ബസ് സ്റ്റാൻഡിൽ എത്തണം ഞാൻ അവനോട് പറഞ്ഞു. അവൻ ഇരുപത് മിനിററു കൊണ്ട് എന്നെ അഹമ്മദ് നഗർ ബസ് സ്റ്റാൻഡിൽ എത്തിച്ചു, അവിടെ ഒരു പൂനെ ബസ് കിടപ്പുണ്ട്. ഞാൻ സമയം തിരക്കി, വണ്ടി നാലു മണിക്ക് പുറപ്പെടും. നാലു മണിയാകാൻ അഞ്ച് മിനിററ് കൂടി ഉണ്ട്. കൂട്ടുകാരനോടു യാത്ര പറഞ്ഞ് ഞാൻ വണ്ടിയിൽ കയറി, ടിക്കറെറടുക്കുമ്പോൾ ഞാൻ കണ്ടക്ടറോട് ചോദിച്ചു പൂനെയിൽ എത്ര മണിക്ക് എത്തും?. ഏതോ ഒരു അന്യഗ്രഹജീവിയെപ്പോലെ എന്നെ അയാൾ അടിമുടി ഒന്നു നോക്കി എവൻ എവിടുന്നു വന്നെട എന്ന ഭാവത്തിൽ. 6:45 ആണ് വണ്ടി എത്തേണ്ട സമയം, ബാക്കി എല്ലാം ട്രാഫിക്ക് പോലെ അയാൾ മറുപടി നൽകി. നമ്മുടെ നാട്ടിലെ പോലത്തെ റോഡല്ലല്ലോ, വണ്ടി വേഗം എത്തും, അഥവാ 6:45 കഴിഞ്ഞ് അൽപം താമസിച്ചാൽ തന്നെ വീണ്ടും അര മണിക്കൂറിൽ കുടുതൽ ബാക്കി ഉണ്ടല്ലോ, ഞാൻ മനസ്സിൽ കണക്കുക്കൂട്ടി.

സമയം നാല് മണിയായി, വണ്ടിക്ക് അനക്കം വച്ചു, ഞാൻ ഇരുന്നത് പിൻവശത്തു നിന്നും നാലാമത്തെ സീററിൽ, ജനലിന്റെ വശത്ത്. അവിടെ ഇരുന്ന് രാവിലെ മുതലുള്ള കാര്യങ്ങൾ ഓർത്തുനോക്കി. വിദേശജോലി എന്ന സ്വപനത്തിലേക്കുള്ള ഇന്റർവ്യൂവിനായിട്ടാണ് യാത്ര. അവധി ചോദിച്ച് രാവിലെ മേട്രനെ ഫോൺ വിളിച്ചപ്പോൾ ഡ്യൂട്ടി കഴിഞ്ഞ് വരാൻ പറഞ്ഞു, ഡ്യൂട്ടി കഴിഞ്ഞ് ചെന്നപ്പോൾ അവർ കഴിക്കാൻ പോയിരിക്കുകയാണ്, അവിടെ കാത്തു നിന്നത് മുക്കാൽ മണിക്കൂർ, അവരെത്തിയപ്പോൾ അവധിക്കുള്ള അപേക്ഷ കൊടുത്തു, നാൽപത്തിയഞ്ച് ദിവസത്തിലധികം ലീവ് ബാക്കിയുണ്ട്, പക്ഷെ തരാൻ വയ്യ. അവിടെ അരമണിക്കൂറിലേറെ നിന്നു കാലു പിടിച്ചു. അവസാനം ദേക്ഷ്യപ്പെട്ട് അവധി തരാൻ പററില്ല, നിനക്ക് വേണമെങ്കിൽ പോകാം, തിരികെ വരുമ്പോൾ പക്ഷേ ജോലിയുണ്ടാകില്ല എന്ന് ഭീഷണി. അതിനെ അവഗണിച്ച് എനിക്ക് പോയേ പററു എന്ന് പറഞ്ഞ് ഇറങ്ങി പോന്നു, സമയം അത്രയും ആകും എന്ന് കരുതിയില്ല, ഏറെ താമസിച്ചു പോയി. ഭാഗ്യത്തിന് നാട്ടിൽ പോകാനുള്ള ബാഗ് നേരത്തെ തയ്യാറാക്കി വച്ചിരുന്നു, സർട്ടിഫിക്കററുകളും അത്യാവശ്യം തുണികളും മാത്രം, കൂട്ടുകാരൻ വണ്ടിയുമായി വന്നതുകൊണ്ട് അത്രയും സമയം കിട്ടി. ഇനി പൂനയിൽ ചെന്നിട്ട് ടിക്കറെറടുക്കണം, റിസർവേഷൻ ഇല്ല, ജനറൽ കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യണം. ടിക്കററ് കൗണ്ടറിൽ തിരക്കില്ലാതിരുന്നാൽ മതിയായിരുന്നു, ഇന്ന് പൂനയിൽ നിന്ന് കയറിയാൽ മറ്റന്നാൾ രാവിലെ എറണാകുളത്ത് എത്തും, നേരെ ഏജൻസിയിൽ പോയി ഹാൾ ടിക്കററ് വാങ്ങണം. അതിന്റെയും പിറേറന്ന് രാവിലെ 7:00 മണിക്കാണ് ഇന്റർവ്യൂ, സമയത്തിന് അങ്ങ് ചെന്നാൽ മതിയായിരുന്നു.



റോഡിലെ സൈൻ ബോർഡിലായിരുന്നു എന്റെ ശ്രദ്ധ മുഴുവൻ, പൂനയിലേക്ക് എത്ര ദൂരം ബാക്കിയുണ്ട് എന്നായിരുന്നു നോട്ടം, സമയം 4:30 ബാക്കിയുള്ളത് 95 കിലോമീററർ, ഈ വേഗതയിൽ വണ്ടി പോയാൽ തീർച്ചയായും സമയത്തിന് മുമ്പ് എത്തും, എല്ലാ ദൈവങ്ങളേയും മാറി മാറി വിളിച്ചു പ്രർത്ഥിച്ചു, ഈ സമയത്ത് പ്രാർത്ഥന അല്ലാതെ മററ് വഴി ഒന്നും ഇല്ല.

സമയം 4:45 വണ്ടി ഷിരൂരെന്ന സ്ഥലത്ത് എത്തി, അവിടെ നിന്ന് 70 കിലോമീററർ കൂടി, പക്ഷേ വണ്ടി ഹൈവേയിൽ നിന്ന് അകത്തേക്ക് തിരിഞ്ഞു, നേരെ പോയത് അവിടുത്തെ ബസ്സ്റ്റാന്റിലേക്ക്, എനി എത്ര നേരം ഇവിടെയുണ്ടാകുമോ എന്തോ, ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു, ഏതായലും അധികം എടുത്തില്ല, പത്ത് മിനിററിനകം വണ്ടി വിട്ടു. നേരെ ഹൈവേ നം. 27ലേക്ക് കയറി, നല്ല വേഗതയിൽ പോകുന്നു, എത്രയും വേഗം അങ്ങ് എത്തിയാൽ മതിയായിരുന്നു. ഈ ഇന്റർവ്യൂവിനായി ഒരു തവണ ഡൽഹിയിൽ പോയതാണ്, പക്ഷേ നിർഭാഗ്യം മൂലം അതിൽ പങ്കെടുക്കാൻ പററിയില്ല. നാട്ടിലുള്ള എന്റെ ഒരു കൂട്ടുകാരൻ എനിക്കു വേണ്ടി ഓടി കഷ്ടപ്പെട്ട് എന്റെ ബയോഡേററായും മററും ഏജൻസിയിൽ നേരിട്ട് കൊണ്ട് കൊടുക്കുകയായിരുന്നു. ഞാൻ അയച്ച് കൊറിയർ വീട്ടിലെത്താൻ ഒരു ദിവസം വൈകും എന്നതിനാൽ, അവൻ നേരിട്ട് കൊറിയർ ഓഫീസിൽ ചെന്ന് അത്

കൈഷറ്റി ഏജൻസിയിൽ എത്തിക്കുകയായിരുന്നു. ഇന്നലെ വൈകുന്നേരം മാത്രമാണ് ഇന്റർവ്യൂവിൽ പങ്കെടുക്കാം എന്നതിൽ തീരുമാനം ആയത്. എന്തൊക്കെയോ ആലോചനയിൽ മുഴുകിയും റോഡിലെ സൈൻ ബോർഡ് നോക്കിയും ഞാൻ ഇരുന്നു, കുറച്ചു കഴിഞ്ഞപ്പോൾ അറിയാതെ മയങ്ങിപ്പോയി.

"ഓം ജയ് ജഗദീശ ഹരേ" ഏതോ അമ്പലത്തിലെ പ്രാർത്ഥനാ മന്ത്രം കേട്ടാണ് ഞാൻ ഞെട്ടി ഉണർന്നത്. നോക്കുമ്പോൾ അത് പ്രാർത്ഥനയല്ല മറിച്ച് എന്റെ മൊബൈൽ ഫോണാണ് ശബ്ദിച്ചത്. എന്നെ ബസ്സ്റ്റാൻഡിൽ കൊണ്ടു വിട്ട കൂട്ടുകാരന്റെ വിളിയാണ്, ഞാൻ കോൾ എടുത്തു "എവിടെയെത്തി"? അവൻ ചോദിച്ചു, ഞാൻ പുറത്തേക്ക് നോക്കി, സ്ഥലം മനസ്സിലാകുന്നില്ല. അവനുമായി സംസാരിച്ചിരിക്കെ ഒരു ബോർഡ് കണ്ടു, "പൂനെ 30 കിലോമീററർ". ഞാൻ ഞെട്ടിപ്പോയി, ഇത്രയും നേരം ഞാൻ ഉറങ്ങുകയായിരുന്നോ, ഞാൻ സമയം നോക്കി 6:15, ഒരു മണിക്കൂർ കൂടി, എടാ മുപ്പത് കിലോ മീററർ കൂടിയേ ഉള്ളു, സുഖമായി എത്തും ഞാൻ കൂട്ടുകാരനോട് പറഞ്ഞു.



വണ്ടി മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു, സമയം 6:30 കഴിഞ്ഞു, വഴിയിൽ വണ്ടികൾ കൂടിക്കൂടി വരുന്നു, ബസിന് വേഗത അല്പം കുറഞ്ഞോ എന്ന സംശയം, അതെ ശരിയാണ്, വണ്ടി ട്രാഫിക് ബ്ളോക്കിൽ കുരുങ്ങാൻ തുടങ്ങിയിരിക്കുന്നു. ഈന്ത്യയിലെ മററ് മഹാനഗരങ്ങളെ പോലെ ഇവിടെയും ട്രാഫിക് ബ്ലോക്ക് അല്പം കൂടുതലാണ്. സമയം 6:45, ഇനിയും ബാക്കിയുള്ളത് 12 കിലോമീററർ കൂടി, എന്റെ നെഞ്ചിടിപ്പിന് വേഗത കൂടി, വഴിയിൽ അത്രയ്ക്ക് ബ്ളോക്കാണ്, സമയത്തിൻ മുമ്പ് അങ്ങ് എത്തുമോ?

സമയം 6:50, വീണ്ടും എന്റെ ഫോൺ ചിലച്ചു, വീട്ടിൽ നിന്ന് അമ്മ വിളിക്കുകയാണ് എവിടെയെത്തി? ഞാൻ അമ്മയോട് കള്ളം പറഞ്ഞു, ഞാൻ റയിൽവേ സ്റ്റേഷനിലാണ്, വണ്ടി ഇതുവരെ എത്തിയിട്ടില്ല, ഞാൻ നോക്കി ഇരിക്കുകയാണ്. സമയം 6:55, ഞാൻ പതിയെ എന്റെ സീററിൽ നിന്ന് എഴുന്നേററ് മുന്നിലെ ഫുട്ബോർഡിൽ ചെന്നിരുന്നു. 7:00 മണിയായി, 7:05 ആയി, സമയം വളരെ വേഗം ഓടിക്കൊണ്ടിരുന്നു, എന്നാൽ വണ്ടി വളരെ സാവധാനത്തിലും, ഞാൻ മുന്നിലെ റോഡിലും എന്റെ വാച്ചിലും മാറി മാറി നോക്കിക്കൊണ്ടിരിക്കുകയാണ്.

അവസാനം 7:10 ന് വണ്ടി റയിൽവേ സ്റ്റേഷന്റെ പിൻഭാഗത്ത് എത്തി, റോഡ് മുറിച്ച് അപ്പുറം കടക്കണം, റോഡിൽ ചീറിപാഞ്ഞു വരുന്ന വാഹനങ്ങൾ, ട്രാഫിക് സിഗ്നൽ മാറുന്നതു നോക്കി ഒരു മിനിററ് കാത്തു, രക്ഷയില്ല, അവസാനം ഒന്നും ആലോചിച്ചില്ല, നേരെ വണ്ടികൾക്കിടയിൽക്കൂടി ഞാൻ മറുവശത്തേക്ക് ഓടി, ഒരു ബൈക്ക് എന്നെ തൊട്ടു തൊട്ടില്ല എന്ന രീതിയിൽ കടന്നു പോയി, അയാൾ പുറകോട്ട് തിരിഞ്ഞു എന്തൊക്കയോ പറയുന്നു. അതൊന്നും ശ്രദ്ധിക്കാതെ ഞാൻ ഓടി അപ്പുറം എത്തി, നേരെ ടിക്കററ് കൗണ്ടറിലേക്ക്, അവിടെ എത്തിയപ്പോൾ നീണ്ട ക്യൂ, ഏററവും തിരക്ക് കുറഞ്ഞിടത്ത് ഞാൻ ചെന്ന് നിന്നു, എന്റെ തൊട്ടുമുമ്പിൽ നിൽക്കുന്ന ആളോട് അപേക്ഷ ഭാവത്തിൽ ഞാൻ പറഞ്ഞു "എനിക്കു പോകേണ്ട വണ്ടി ഇപ്പോൾ പുറപ്പെടും ഞാൻ മുന്നിൽ നിന്നോട്ടെ അയാൾ എന്നെ രൂക്ഷമായി നോക്കി" എവിടെ പോകാനാണ് ? അയാൾ ചോദിച്ചു, "കേരളത്തിൽ" എന്റെ മറുപടി "ഏതാണ് വണ്ടി", "കന്യാകുമാരി എക്സ്പ്രസ്സ്." അയാൾ നേരെ ഡിസ്പ്ലേയിലേക്ക് നോക്കി "വണ്ടി എത്തിയിട്ടുണ്ട് മൂന്നാം നമ്പർ പ്ളാററ് ഫോമിൽ, ഇത്ര താമസിച്ചാണോ വരുന്നത് അയാൾ ശാസന രൂപത്തിൽ ചോദിച്ചു". "അത്യാവശ്യമായി നാട്ടിൽ പോകണം, ഞാൻ വരുന്നത് അഹമ്മദ് നഗറിൽ നിന്നാണ് ഏതായാലും ടിക്കററിനുള്ള കാശ് തരൂ" അയാൾ പറഞ്ഞു, ഞാൻ പണം കൊടുത്തു, അയാൾ കൗണ്ടറിന്റെ മുൻഭാഗത്തേക്ക് നടന്നു, തൊട്ടു പിറകേ ഞാനും, "കേരളത്തിലേക്ക് ഒരു ടിക്കററ് എടുക്കണം" അയാൾ സ്ഥലം ചോദിച്ചു "ഏറണാകുളം" ഞാൻ പറഞ്ഞു, ഏതായാലും അയാൾ മടി കൂടാതെ എനിക്ക് ടിക്കററെടുത്തു തന്നു, ടിക്കററ് എന്റെ കൈയിൽ തന്നിട്ട് പറഞ്ഞു "വണ്ടി മൂന്നാം നമ്പർ പ്ളാററുഫോമിൽ ഉണ്ട്, വേഗം പൊയ്ക്കോ, ഇനിയെങ്കിലും യാത്ര പോകുമ്പോൾ ഇത്ര താമസിക്കരുത്, തീർച്ചയായും ഞാൻ മറുപടി പറഞ്ഞു". എന്താണ് അങ്ങയുടെ പേര്? ഞാൻ ചോദിച്ചു, "ആനന്ദ് റാവു" അയാൾ മറുപടി പറഞ്ഞു, ആനന്ദ് റാവുവിനോട് നന്ദി പറഞ്ഞ് ഞാൻ മൂന്നാം നമ്പർ പ്ളാററുഫോമിലേക്ക് ഓടി, ഭാഗ്യം വണ്ടി അവിടെ തന്നെയുണ്ട്, ജനറൽ കമ്പാർട്ട്മെന്റ് ലക്ഷ്യമാക്കി പുറകിലേക്ക് ഓടി, വണ്ടിയിൽ കയറി, നല്ല തിരക്ക്, ഇരിക്കാൻ സീററ് ഇല്ല, ബാഗും ലഗ്ഗേജും വെക്കുന്ന ഡെക്കിലേക്ക് ഞാൻ വലിഞ്ഞു കയറി. വെള്ളവുമായി ഒരു കച്ചവടക്കാരൻ പയ്യൻ വന്നു, ഞാൻ ഒരു കുപ്പി വെള്ളം വാങ്ങി വായിലേക്ക് കമഴ്ത്തി, ഒരു കവിൾ കുടിച്ച് തീരും മുമ്പ് വണ്ടിയ്ക്ക് അനക്കം വച്ചു, ഞാൻ വാച്ചിൽ നോക്കി സമയം 7:25, ഒരു പക്ഷേ വണ്ടി കൃത്യസമയത്ത് പുറപ്പെട്ടിരുന്നെങ്കിൽ എനിക്ക് വണ്ടി കിട്ടില്ലായിരുന്നു, വീട്ടുകാരുടെയും, കൂട്ടുകാരുടെയും എല്ലാം പ്രാർത്ഥന, ഒരു ദീർഘനിശ്വാസത്തോടെ എല്ലാ ദൈവങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ പുറകിലേക്ക് ചാരി ഇരുന്നു, ശേഷം അമ്മയേയും, കൂട്ടുകാരേയും വിളിക്കാൻ മൊബൈൽ ഫോൺ കയ്യിലെടുത്തു.



**Psycho**

# MIND POWER AND SUCCESS



Jibu Jacob, Kottur

The mind plays an important role in achieving every kind of success and goal, minor, everyday goals or major goals. With minor or day-to-day goals, one usually knows what he or she wants to do or get, but when it comes to major goals, most people don't know what they really desire. They desire to do something big, but they don't know what. They might have a vague idea, but this is not enough.

To accomplish anything, and to use your mind power, you have to know exactly what it is you want to do. To focus your mind power on a goal, you need to have a clear and well defined goal. How do you go about that? You have first to think or meditate, to find out what is it that you want to accomplish or gain. This might not be a simple step, and requires deep thinking, investigation and time.

After discovering what you really want to accomplish, you need to come up with a plan for action. You need to know what you have to do first and how to proceed. All of this requires planning, which means using the power of the mind.

After deciding on a goal and coming up with a plan, you need to hold in your mind a clear mental image of your goal. You need to see it accomplished. This step requires that you use your imagination, which is another power of the mind. Not everyone can visualize clear mental images, but regular training of the imagination can do wonders. You may, for example, look at photos of what you want to achieve, and then close your eyes, and try to see it in your imagination. This will enhance your ability to visualize. At this point, you have to display patience, self-discipline and the power to persist in your efforts. This requires a one pointed mind.

Affirmations are another useful mental tool for achieving success. What you affirm sinks into the subconscious mind, becomes part of the subconscious mind, and consequently affects your behavior and actions. If your affirmations are positive, they lead you to success

Another important power of the mind is thought transference. You need to be able to transmit your thoughts to other people, who would aid you with your plans. Often, you have to persuade others to invest in your plans or to help you in other ways. It is not enough just to talk with them, you need to believe in what you are saying; you need to be enthusiastic and persuasive, otherwise they won't listen and won't care. You need to be able to reject your and their doubts. To be able to do so, you need concentration, control over your thoughts, willpower, self-discipline and patience. All these are mental tools and skills.

Motivation is another mental and emotional power that you require for achieving success. How can you achieve anything if you are not motivated enough? To increase your motivation and enthusiasm, think often of your goal, about its advantages and benefits, and how it will change your life. Doing so, will strengthen your motivation.

Your thoughts, which are part of your mind, possess power. The thoughts that you most often think tend to come true. If you pour your mental energy into the same thoughts or mental images day after day, they will become stronger and stronger, and would consequently affect your attitude, expectations, behavior and actions. These thoughts and mental images can even be subconsciously perceived by other people, who would then offer you help or opportunities. Your thoughts can also create what is usually termed as coincidence. They can attract into your life corresponding events, situations and opportunities

# അനുമോദനങ്ങൾ...

KOSS GLOBAL ന്റെ 2012-2013 വർഷത്തെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട കോസ് കുവൈറ്റ് ചാപ്റ്ററിന്റെ അംഗങ്ങൾ ആയ ശ്രീ. ചാക്കോ ജോർജ്ജ്കുട്ടി കോട്ടൂരിനും, ശ്രീ. അനൂപ് സി. കെ ചെറുകുളത്തൂർ- നും അനുമോദനങ്ങൾ.



**ജനറൽ സെക്രട്ടറി**
ശ്രീ.ചാക്കോ ജോർജ്ജ്കുട്ടി
കോട്ടൂർ



**ട്രഷറാർ**
ശ്രീ.അനൂപ് സി.കുറുപ്പ്
ചെറുകുളത്തൂർ

കുറിപ്പ്

# സ്നേഹപൂർവ്വം സെക്രട്ടറി



മാത്യൂ വർഗ്ഗീസ് കലതിവിളയിൽ
(ജന. സെക്രട്ടറി, KOSS KUWAIT CHAPTER)

മലയാളിയുടെ മനസ്സിലും മണ്ണിലും പുതുമകൾ നിറയുന്ന കാലമാണ് ഓണക്കാലം. ഒരുമയുടെയും നന്മയുടെയും സന്ദേശമാണ് ഓണം പങ്കു വക്കുന്നത്. കള്ളവും ചതിയുമില്ലാത്ത, വിഭാഗീയതയുടെ വേലികെട്ടുകളില്ലാത്ത, എല്ലാവരും സഹോദരങ്ങളെപ്പോലെ കഴിയുന്ന ഒരു കാലം. അങ്ങനെ ഒരു കാലം സ്വപ്നം കണ്ടതു കൊണ്ട് മാത്രമായില്ല,സൃഷ്ടിച്ചെടുക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്.

സമകാലിക സാഹചര്യങ്ങളെ വിലയിരുത്തുമ്പോൾ ഓണത്തിന്റെ പ്രസക്തിയും പ്രധാന്യവും ആരും ചിന്തിച്ചുപോകും. ആഘോഷങ്ങളുടെ വെള്ളി വെളിച്ചത്തിൽ ഓണത്തിന്റെ ഉദാത്ത സന്ദേശം വെറും പരസ്യ വാചകം മാത്രമായി മാറിയിരിക്കുന്നു. കാണം വിറ്റും ഓണം ഉണ്ണണമെന്ന ചൊല്ല് കടം പെരുക്കി ആഹ്ലാദിക്കാനുള്ള ആഹ്വാനമല്ല. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ സ്വീകരിക്കുന്നതാണ് ഒരു വ്യക്തിയെ സന്തോഷ ചിത്തനാക്കേണ്ടത്.

രാജ്യത്തു നടക്കുന്ന അനീതിയും അഴിമതിയും നമ്മെ ഉത്കൺഠാകുലരാക്കുന്നുണ്ട്. പലതിനും നാം തന്നെ ഉത്തരവാദികളാണെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. യഥാർത്ഥമായ ചുമതലാബോധം നമുക്കില്ലാതെ പോകുന്ന സമൂഹത്തെ ബാധിക്കുന്ന പ്രശ്നമായിത്തീരുന്നു. സമൂഹത്തിൽ അസമാധാനം വിതക്കാൻ, നിരപരധികളുടെ ജീവനെടുക്കാൻ, മനുഷ്യർ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, അത്തരം പദ്ധതികൾക്ക് വിദൂരമായ സഹായമെങ്കിലും നമ്മിൽ നിന്നുണ്ടായാൽ സമാധാനത്തിന്റെ, ഐശ്വര്യത്തിന്റെ നാളങ്ങൾ കെടുത്തികളയുന്നതിൽ നമ്മുക്കും പങ്കുണ്ടെന്നത് നാം അവഗണിക്കാൻ പാടില്ലാത്ത വസ്തുതയാണ്.

പരസ്പരം സ്നേഹിക്കാനും, ബഹുമനിക്കാനും നടിനുവേണ്ടി പ്രവർത്തിക്കാനുമുള്ള മനോഭാവം ഉണ്ടാകണം. നാടിനു നഷ്ടമാകുന്ന നന്മയെ തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങൾ നടത്തണം. സമ്പൽസമൃദ്ദിയുള്ള, ആഹ്ലാദം നിറഞ്ഞ,ഓണാശംസകൾ നേരുന്നു. ഒപ്പം മൂന്നാം വർഷം പിന്നിടുന്ന നമ്മുടെ മനസ്സ് മാഗസിൻ ഇത്തവണയും പ്രസിദ്ദികരിക്കാൻ സാധിച്ചതിൽ അതിയായി സന്തോഷിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ നല്ല മനസ്സുകൾക്കും നന്ദി നേർന്നു കൊണ്ട്.....ആശംസകളോടെ....

# നന്ദി...



*For your Valuable Suggestions & Comments*

www.kossglobal.org

# എന്റെ ഗ്രാമം

